നമ്പർ.എൻ.ഇ.പി(3)/53537/2011

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

തീയതി: 31.10.2011

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം- 'സമ്പൂർണ' യിൽ ഉൾപ്പെടുത്തിയ പത്താം ക്ലാസ് വിദ്യാർത്ഥികളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 18.08.2011, 15.09.2011 തീയതികളിൽ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച എൻ.ഇ.പി.(3)53537/2011 നമ്പർ സർക്കുലറുകൾ

'സമ്പൂർണ' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പത്താം ക്ലാസിലെ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനും പ്രസ്തുത ഡാറ്റാ 2012-ലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമാണ് വിദ്യാഭ്യാസ വകുപ്പ് അടിയന്തിരമായി പത്താം ക്ലാസ് വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ എൻട്രി നടത്തിയത്. എന്റർ ചെയ്ത വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് താഴെപറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2012 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 'സമ്പൂർണ' യിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ വിദ്യാർത്ഥികളുടെ പേര് (ഇനിഷ്യൽ ഉൾപ്പെടെ), ജനനതീയതി, മേൽവിലാസം തുടങ്ങിയ വിവരങ്ങളിൽ തെറ്റ് വന്നിട്ടില്ലെന്ന് അതത് ക്ലാസ് അധ്യാപകരും പ്രഥമാധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്.
2. 'സമ്പൂർണ'യിലെ വിവരം ഉൾപ്പെടുത്തി തയ്യാറാക്കുന്ന എസ്.എസ്.എൽ.സി. കാർഡിൽ തെറ്റ് കണ്ടെത്തിയാൽ ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർക്കെതിരെ നടപടി ഉണ്ടാകും.
3. ഇപ്പോൾ ഓൺലൈൻ ഡാറ്റാ എൻട്രി നടത്തിയതിന്റെ പ്രിന്റൗട്ട് അതത് ഏജൻസികളിൽ നിന്നും സ്കൂൾ പ്രഥമാധ്യാപകർ ശേഖരിക്കേണ്ടതും ആയതിൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ 2011 നവംബർ 2-ാം തീയതിക്കുമുമ്പ് ഓൺലൈനായി അത് പരിഹരിക്കേണ്ടതുമാണ്.

DIRECTORATE OF PUBLIC INSTRUCTION ★ THIRUVANANTHAPURAM-14 ★

പൊതുവിദ്യാഭ്യാസ ഡയറക്ടർ
Director of Public Instruction
Thiruvananthapuram-14

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
സെക്രട്ടറി, പരീക്ഷാഭവൻ
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ. മുഖേന)